## എമ്മാവൂസ്

# വചനദൂത്



### ജൂലൈ 3

# ദുക്റാനാ തിരുനാൾ



ഫാ. ഗ്രേഷ്യസ് പുളിമൂട്ടിൽ

വീണ്ടും ഒരു ദുക്റാനാ തിരുനാൾ കൂടി. വിശ്വാസത്തിന്റെ പിതാവായ മാർ തോമാശ്ലീഹായുടെ പൈതൃകവും മാതൃകയും പേറി, ക്രിസ്തീയതയും ക്രിസ്തീയ ആത്മീയതയും ആധ്യാത്മികതയും എല്ലാം വെല്ലുവിളിക്കപ്പെടുമ്പോഴും ഇന്നും ഈ വിശ്വാസത്തിൽ അടിയുറച്ച് ജീവിക്കാൻ ചങ്കൂറ്റം കാട്ടുന്ന എല്ലാവർക്കും ആദ്യം തന്നെ ദുക്റാനാ തിരുനാൾ മംഗളങ്ങൾ നേരട്ടെ.

ഒരിക്കൽ സർവ്വവിദ്യകളും അഭ്യസിച്ച് രാജ്യഭരണത്തിനായി പുറപ്പെടാനൊരുങ്ങുന്ന രാജകുമാരന്മാരെ അടുത്ത് വിളിച്ച് ഗുരു അവരോട് വനാന്തർഭാഗത്തുള്ള ഒരു പ്രത്യേക പഴത്തിന്റെ മേന്മയെക്കുറിച്ചും അതിന്റെ മധുരത്തെക്കുറിച്ചും വാചാലനായി. മറ്റൊരു ദിവസം ശിഷ്യരുടെ സാന്നിധ്യത്തിൽ ഗുരു ആ പഴം ആസ്വദിച്ചു ഭക്ഷിക്കുകയും ചെയ്തു. ഗുരുവിന്റെ വാക്കുകളും പ്രവൃത്തിയും ആ പഴം രുചിക്കുവാനുള്ള അതിയായ ആഗ്രഹം അവരിൽ ജനിപ്പിച്ചു. ഒരു ദിവസം ഗുരു അറിയാതെ വനാന്തർഭാഗത്ത് കടന്ന് അവർ പഴം രുചിച്ചു. അസഹനീയ കയ്പും പുളിയും നിറഞ്ഞ പഴത്തെക്കുറിച്ച് തങ്ങളെ തെറ്റിദ്ധരിപ്പിച്ച ഗുരുവിന്റെ മുമ്പിൽ പരാതിയുമായി അവർ എത്തി. മന്ദഹാസത്തോടെ ഗുരു പറഞ്ഞു. “കണ്ടതും കേട്ടതുമല്ല അനുഭവമാണ് സത്യം എന്നതാണ് ജീവിതത്തിലെ ഏറ്റവും ആവശ്യമായ അറിവ്.

ദുക്റാനാ തിരുനാൾ ആഘോഷിക്കുന്ന സഭാതനയർക്ക് തോമാശ്ലീഹായിലൂടെ യേശുനാഥൻ നൽകുന്ന സന്ദേശം വിശ്വാസത്തെ കണ്ടതും കേട്ടതിലും പരിമിതപ്പെടുത്താതെ അനുഭവത്തിനായി ആഗ്രഹിക്കുവിൻ എന്നതാണ്. സർവ്വവും ഉപേക്ഷി

ച്ച്, ഗുരുവിനോടൊപ്പം മരിക്കാൻ പോലും സന്നദ്ധനായി കർമ്മവീഥിയിലിറങ്ങിയ തോമാശ്ലീഹാ ഭയത്തിന്റെയും സംശയത്തിന്റെയും അസംതൃപ്തിയുടെയും മുറിക്കുള്ളിൽ കതകടച്ചിരുന്നില്ല. മറ്റു ശിഷ്യന്മാർ കണ്ടതും കേട്ടതും പങ്കുവച്ചപ്പോൾ തോമാശ്ലീഹായിലെ ഗുരുസ്നേഹത്തിന്റെ കനൽ കത്തിജ്വലിച്ച് അനുഭവത്തിനായി ആഗ്രഹിച്ചതും ദൈവം തോമായ്ക്കു മാത്രമായി കടന്നു വരുന്നതും ക്രിസ്തുശിഷ്യന് ഗുരു-ശിഷ്യ ബന്ധത്തിന്റെ ആഴം പഠിപ്പിച്ചു തരുന്നു. വിശ്വാസ രാഹിത്യത്തിന്റെ അടച്ചിട്ട മുറിയിൽ നിന്നും ഉത്ഥാനബോധ്യത്തോടെ ആത്മധൈര്യം ഉൾക്കൊണ്ട് കർമ്മവീഥിയിലിറങ്ങിയ തോമാശ്ലീഹായാകും കാണാതെ വിശ്വസിച്ച ആദ്യത്തെ ക്രിസ്തുശിഷ്യൻ.

ആധുനിക താത്വികന്മാരും മാധ്യമങ്ങളും ക്രൈസ്തവ സഭയുടെയും സഭാ നേതൃത്വത്തെയും കാലഘട്ടത്തിന്റെ പടനിലത്ത് ചോദ്യങ്ങളുടെയും തിരുത്തലുകളുടെയും ശരശയ്യയിൽ കിടത്തുമ്പോൾ ഈ ദുക്റാനാ തിരുനാൾ മൂന്ന് കാര്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. അവ തോമാ മാർഗ്ഗം സ്വീകരിച്ച തോമാ മക്കളോട് തോമശ്ലീഹാ, തോമാ അനുഭവത്തിന്റെ ആവശ്യകതയെക്കുറിച്ച് നൽകുന്ന ഓർമ്മപ്പെടുത്തലുകളാണ്.

ഓരോ ക്രിസ്തുശിഷ്യനും ഒരു കർമ്മവീഥിയുണ്ട്. ക്രിസ്തുശിഷ്യന് ക്രിസ്തു വിശ്വാസത്തിന്റെ അടിത്തറ കണ്ടതും കേട്ടതും മാത്രമാവരുത്. കണ്ടതും കേട്ടതും മാത്രം വിശ്വാസത്തിന്റെ അടിത്തറയാക്കുന്ന ക്രിസ്തുശിഷ്യൻ അപ്രതീക്ഷിത തിരിച്ചടികൾക്കും നഷ്ടസ്വപ്നങ്ങൾക്കും മുമ്പിൽ മനം മടുത്ത്, സ്വയം വിമർശനത്തിന്റെയും അസംതൃപ്തിയുടെയും നിരാശയുടെയും മുറിക്കുള്ളിൽ കതകടച്ചിരിക്കും. ഇപ്രകാരം സ്വന്തം സുരക്ഷിതത്വത്തിലേക്ക് വലിയേണ്ടവരല്ല ക്രിസ്തുശിഷ്യൻ. മറിച്ച്, മനുഷ്യരെ പിടിക്കുന്നവരാകാൻ വിളിച്ചു കൂടെ കൂട്ടിയവന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ ഓർമ്മവീഥിയിൽ മരണഭയമില്ലാതെ ഇറങ്ങേണ്ടവരാണ് നാം എന്ന് തോമാശ്ലീഹാ ഓർമ്മപ്പെടുത്തുന്നു.

രണ്ടാമതായി, ക്രിസ്തുവിനെ പഞ്ചേന്ദ്രിയങ്ങളിലൂടെ അനുഭവിക്കാൻ ആഗ്രഹിക്കുന്നവനാകണം ക്രിസ്തുശിഷ്യൻ എന്ന് തോമാശ്ലീഹാ ഓർമ്മപ്പെടുത്തുന്നു. സമൂഹത്തിൽ വിശ്വാസനാളം തെളിക്കാൻ കണ്ടതും കേട്ടതും മാത്രമേ നമുക്കുള്ളുവെങ്കിൽ കാലത്തിന്റെ കാറ്റിനും കോളിനും മുമ്പിൽ മണൽപ്പുറത്ത് പണിയപ്പെട്ട ഭവനതുല്യമായിരിക്കും നമ്മുടെ വിശ്വാസജീവിതം. അപ്പോൾ സാമൂഹ്യമാധ്യമങ്ങളിൽ ട്രോളുകളായും വിഷ്വൽ മീഡിയകളിൽ ചർച്ചകളായും പത്രമാധ്യമങ്ങളിൽ വാർത്തകളും ലേഖനങ്ങളുമായും ഇടവക കൂട്ടായ്മകളിൽ പൊട്ടിത്തെറികളായും ക്രിസ്തുശിഷ്യന്റെ വിശ്വാസ സമർപ്പണ ജീവിതം അപചയങ്ങൾ നേരിടും. ആഗ്രഹിക്കുന്നവന് അനുഭവമാകാൻ അനുദിനം ദിവ്യകാരുണ്യമായി തീരുന്ന ക്രിസ്തുവിനെ തോമാശ്ലീഹായുടെ ആഗ്രഹത്തോടെ സമീപിക്കാൻ നമുക്ക് കഴിയട്ടെ. കാരണം കണ്ടതും കേട്ടതും അറിവാണ് പക്ഷേ, അനുഭവം ആഴപ്പെടലാണ്.

തോമാശ്ലീഹാ മൂന്നാമതായി ഓർമ്മപ്പെടുത്തുന്നത് ക്രിസ്താനുഭവം ക്രിസ്തുശിഷ്യന്റെ വ്യക്തിപരമായ അവകാശമാണ് എന്നതാണ്. ക്രിസ്തുശിഷ്യൻ മനസ്സിലും മജ്ജയിലും മാംസത്തിലും ക്രിസ്താനുഭവം നിറയണം. എങ്കിൽ മാത്രമേ മാംസദാഹികൾക്കും മസ്തിഷ്കക്ഷാളകൾക്കും മദ്ധ്യേ വിശ്വാസദീപം കരിന്തിരി കത്താതെ കാത്തു സൂക്ഷിക്കാൻ കഴിയൂ.

ഈ ദുക്റാനാ തിരുനാളിൽ യഥാർത്ഥ തോമാമാർഗ്ഗം ഉൾക്കൊണ്ട്, നമുക്കും കർമ്മവീഥിയിൽ ഇറങ്ങാനും അനുഭവത്തിനായി ആഗ്രഹിക്കാനും വ്യക്തിപരമായ അനുഭവം സ്വന്തമാക്കാനും സാധിക്കട്ടെ. കണ്ടതും കേട്ടതുമായ ഒരു അതിശയത്തെ അല്ല, അനുഭവിച്ച സത്യത്തെ പ്രഘോഷിക്കുവാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം. ഒരിക്കൽ കൂടി തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു. ◆